(ബി) എങ്കിൽ എന്ന് പ്രഖ്യാപിച്ചു; വിശദീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ):

(എ, ബി) ഇല്ല. സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ക്ഷേമനിധി

* 20 [196] ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് മഹാബലറാവു കമ്മീഷനെ നിയമിച്ചു നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്നാണ് മഹാബലറാവു കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചത്;

(സി) രണ്ടു ലക്ഷത്തോളം വരുന്ന ഈ വിഭാഗം ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ):

(എ) ഇല്ല.

(ബി) 16-8-1986-ൽ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു.

(സി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയനുസരിച്ച് അസംഘടിത മേഖലയിൽ പ്രവൃത്തിയെടുക്കുന്ന മറ്റേതെങ്കിലും ക്ഷേമ പദ്ധതിയുടെ പരിധിയിൽപ്പെടാത്ത എല്ലാ തൊഴിലാളികൾക്കും ആ പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഇപ്പോൾ ഈ വിഭാഗം ജീവനക്കാർക്ക് ഒരു പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

## സ്റ്റോഴ്സ് പർച്ചേയ്സ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരം വാങ്ങിയ സാധനങ്ങൾ

* 21 [197] ശ്രീ. പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, കല്ലടി മുഹമ്മദ്:
,, ഇസ്ഹാക്ക് കുരിക്കൾ:
,, കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ്റ്റോഴ്സ് പർച്ചേയ്സ് വകുപ്പു മുഖാന്തിരം കഴിഞ്ഞ കൊല്ലം എത്ര ലക്ഷം രൂപയ്ക്കുള്ള സാധനങ്ങൾ വാങ്ങി;

(ബി) സാധനങ്ങൾ വാങ്ങുമ്പോൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മുൻഗണന കൊടുക്കുവാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഉല്പന്നങ്ങളെ സംബന്ധിച്ചാണ് നിർദ്ദേശം നൽകിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) സ്റ്റോഴ്സ് പർച്ചേയ്സ് വകുപ്പ് സാധനങ്ങൾ ഒന്നും വാങ്ങാറില്ല. അതാതു വകുപ്പുകൾ/ഓഫീസുകൾ നേരിട്ടാണ് സ്റ്റോഴ്സ് പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകൾക്കു വിധേയമായി ആവശ്യാനുസരണം ഫണ്ടിന്റെ ലഭ്യതയും മറ്റും കണക്കിലെടുത്ത് സാധനങ്ങൾ വാങ്ങുന്നത്.

(ബി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സാധനങ്ങൾ വാങ്ങാനുള്ള വ്യവസ്ഥകൾ സ്റ്റോഴ്സ് പർച്ചേയ്സ് മാനുവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 417 ഇനം സാധനങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകളിൽനിന്നും വാങ്ങേണ്ടതാണെന്ന് സ്റ്റോഴ്സ് പർച്ചേയ്സ് മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിനു പുറമെ ഉല്പാദനം നടത്തുന്ന സ്ഥാപനങ്ങളുടെ തരംതിരിവ് (കുടിൽ/ചെറുകിട/മീഡിയം/വൻകിട/ഗവൺമെന്റ് കമ്പനികൾ) അനുസരിച്ച് അവയുടെ ഉൽപ്പന്നങ്ങൾക്കുള്ള ക്വട്ടേഷൻ/ടെണ്ടറുകൾ പരിഗണിക്കുമ്പോൾ അവയ്ക്ക് സംസ്ഥാനത്തിനു വെളിയിലുള്ള കമ്പനികളുടേതിനേക്കാൾ വ്യത്യസ്ത ശതമാനത്തിലുള്ള പ്രൈസ് പ്രിഫറൻസ് (5 മുതൽ 15 ശതമാനം വരെ) നൽകാനും നിർദ്ദേശമുണ്ട്. കൂടാതെ വർഷത്തിൽ 25ലക്ഷത്തിനുമേൽ തുകയ്ക്കുള്ള സാധനങ്ങൾ കേരളത്തിനു വെളിയിൽനിന്നും വാങ്ങുമ്പോൾ അതേ സാധനം കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റിയുടെ അനുമതികൂടി വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ അധീനതയിലുള്ള റബർ തോട്ടം

* 22 [198] ശ്രീ. കെ. കൃഷ്ണൻകുട്ടി:
,, എ. സി. ഷൺമുഖദാസ്:
,, വി. സി. കബീർ:
,, ടി. നാണുമാസ്റ്റർ:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കൻ തമിഴ് അഭയാർത്ഥികളുടെ പുനരധിവാസത്തിനായി രൂപീകരിച്ച റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് എത്ര ഏക്കർ റബർ തോട്ടം ഉണ്ട്;

(ബി) ഈ റബർ തോട്ടങ്ങൾക്ക് നടുവിൽ സ്വകാര്യ റബർ തോട്ടങ്ങൾ ഉണ്ടോ;

(സി) സ്വകാര്യ തോട്ടം ഉടമകളുടെ താല്പര്യത്തിനുവേണ്ടി റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പ്രവർത്തിക്കുന്നതായി ആരോപണം ഉണ്ടോ; ഇതേക്കുറിച്ച് അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly